പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3728 — 11.11.2019 ൽ മറുപടിക്ക്

## തിരുവനന്തപുരം വിമാനത്താവളം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. വിൻസെന്റ്<br>,, വി.എസ്.ശിവകുമാർ<br>,, അനൂപ് ജേക്കബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം വിമാനത്താവള നടത്തിപ്പ് അവകാശം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള റ്റിയാൽ കമ്പനിയുടെ കീഴിൽ ആക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് സർക്കാർ നടത്തിയത്; അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണ്; വ്യക്തമാക്കുമോ; | (എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിതമായ ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. എങ്കിലും സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്ത കമ്പനിക്ക് ബിഡ് ലഭിക്കുകയുണ്ടായില്ല. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി സ്വകാര്യ വത്കരണം ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി KSIDC യുടെ നേതൃത്വത്തിൽ രൂപവത്കരിച്ച പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നല്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് 27.02.2019 ന് കത്തും അയച്ചിരുന്നു. |
| (ബി) അദാനി ഗ്രൂപ്പ് വിമാനത്താവള നടത്തിപ്പിനായി അദാനി തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത കമ്പനി രൂപീകരണം, കേന്ദ്ര സർക്കാർ തീരുമാനം വൈകിയെങ്കിലും അദാനി ഗ്രൂപ്പ് വിമാനത്താവള നടത്തിപ്പിൽ നിന്നും പിന്നോട്ടില്ലായെന്നതിന്റെ | (സി) യും (ഡി) യും തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്തു കൈമാറുന്ന പ്രവർത്തനം സജീവമായി മുന്നോട്ടു കൊണ്ടുപോകുന്ന സാഹചര്യത്തിലും അദാനി |

| | | |
|---|---|---|
| | സൂചനയാണെന്ന് സർക്കാർ കരുതുന്നുണ്ടോ; | എന്റർപ്രൈസിന് അവാർഡ് നൽകുന്നതിന് എതിരെ കേരള സർക്കാരും, കെ.എസ്.ഐ.ഡി.സി.യും ബഹു. ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുള്ളതും കോടതി വിധിയ്ക്ക് വിധേയമായിട്ടായിരിക്കും ടി അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് സ്വകാര്യവൽക്കരണ നടപടികളിൽ നിന്നും പിന്തിരിയണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കേന്ദ്ര വ്യോമയാന മന്ത്രാലത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ